പതിനാലാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1238 — 04/02/2019 മറുപടിയ്ക്ക്

# വിദ്യാർത്ഥികളുടെ സോഷ്യൽ മീഡിയ ദുരുപയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) സ്കൂൾ വിദ്യാർത്ഥികളിൽ സോഷ്യൽ മീഡിയയുടെ ദുരുപയോഗം വർദ്ധിച്ചു വരുന്നത് തടയുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സ്കൂളുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ കുട്ടികൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് കർശനമായി വിലക്കിയിട്ടുണ്ട്. കൂടാതെ സ്കൂൾ കമ്പ്യൂട്ടറുകളിൽ ഫെയ്സ്ബുക്ക്, വാട്ട്സ് ആപ് എന്നിവയുടെ ഉപയോഗവും കർശനമായി നിയന്ത്രിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കായി ബോധവൽക്കരണ ക്ലാസുകളും നൽകി വരുന്നുണ്ട്.

ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ പരിശീലനം നൽകപ്പെട്ട സൗഹൃദ കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് സൈബർ ക്രൈം, സൈബർ സെക്യൂരിറ്റി എന്നിവയെ സംബന്ധിച്ചും സോഷ്യൽ മീഡിയ ദുരുപയോഗം സംബന്ധിച്ചും അവബോധം നൽകുന്നുണ്ട്.

തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ പോലീസ് വകുപ്പിന്റെ സഹകരണത്തോടെ വിദ്യാർത്ഥികൾക്ക് സൈബർ അവയർനസ് പ്രോഗ്രം എന്നപേരിൽ ബോധവൽക്കരണം നടത്തുന്നു

(ബി) ഹയർസെക്കന്ററി വകുപ്പിൽ 2017-18 അക്കാദമിക വർഷം നിംഹാൻസ്, ബംഗളൂരു എന്ന സ്ഥാപനവുമായി ചേർന്ന് പരിശീലനം നൽകിയ നൂറ്റിപ്പത്തോളം സൗഹൃദ കോ-ഓർഡിനേറ്ററുമാരുടെ പ്രവർത്തനം ഈ രംഗത്ത് എത്ര കണ്ട് ഫലപ്രദമായി വിനിയോഗിച്ചുവെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 2017-18 വർഷം നിംഹാൻസ് ബംഗളൂരുവിൽ വച്ച് 110 സൗഹൃദ കോ-ഓർഡിനേറ്റർമാർക്ക് മെന്റൽ ഹെൽത്ത് സംബന്ധിച്ച് ഒരു ആക്ടിവിറ്റി ഓറിയന്റഡ് ട്രെയിനിംഗ് നടത്തുകയുണ്ടായി. മേൽ പരിശീലനം ലഭിച്ച 110 അദ്ധ്യാപകരെ 10 വീതം വിദ്യാലയങ്ങളിൽ വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതിയുമായി ബന്ധപ്പെട്ടുള്ള മെന്റൽ ഹെൽത്ത് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി നിയോഗിച്ചിരുന്നു. മേൽ

അദ്ധ്യാപകരുടെ ക്ലാസ്സുകൾ ഫല പ്രദമായി നടത്തുന്നതിനെ സംബന്ധിച്ച് അവ ലോകനം ചെയ്യുന്നതിനും ക്ലാസ്സുകളുടെ പുരോഗതി മോണിറ്റർ ചെയ്യുന്നതിനും ജില്ലാ കോ- ഓർഡിനേറ്റർമാരെയും ജില്ലാ കൺവീനർമാരെയും നിയോഗിച്ച് പരിശോധിച്ച് വരുന്നു. ഇവ കൂടാതെ ഫെബ്രുവരി മാസത്തിൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ വിദ്യാലയങ്ങളിൽ ഇവ സംബന്ധിച്ച് അവലോകനം നടത്തുന്ന തിനും തീരുമാനിച്ചിട്ടുണ്ട്.

(സി) ഇത്തരം പരിശീലനം സിദ്ധിച്ച അദ്ധ്യാപകർ പ്രസ്തുത വിഷയവുമായി ബന്ധപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവെന്നത് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പരിശീലനം ലഭിച്ച അദ്ധ്യാപകർ 10 വീതം വിദ്യാലയങ്ങളിൽ "Know Thyself" എന്ന വിഷയവുമായി ബന്ധപ്പെട്ട് മെന്റൽ ഹെൽത്തിന്റെ ആക്ടിവിറ്റി ഓറിയന്റഡ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നുണ്ട്. ഇവയ്ക്ക് ഉപരിയായിഎച്ച്.എസ്.ഇ.സി.ജി& എ.സി സെല്ലിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ 58 സെന്ററുകളിൽ നടന്ന സ്റ്റുഡന്റ് കൺവീനേഴ്സ് ട്രെയിനിംഗ് പ്രോഗ്രാമുകളിൽ കൗമാര മാനസിക ആരോഗ്യത്തെ സംബന്ധിച്ച വിഷയ ങ്ങളിലെ ക്ലാസുകൾക്ക് പരിശീലനം ലഭിച്ച ഈ അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത ട്രെയിനിംഗിനായി സർക്കാർ തലത്തിൽ ചെലവാക്കിയ തുക എത്രയാണ്; വിശദമാക്കാമോ;

(ഡി) ബംഗളുരു നിംഹാൻസുമായി ചേർന്ന് 2017-18 വർഷം 110 അദ്ധ്യാപകർക്ക് 5 ദിവസം നീണ്ടു നിന്ന മെന്റൽ ഹെൽത്ത് ആക്ടിവിറ്റി ഓറിയന്റഡ് ട്രെയിനിംഗ് 3 ഘട്ടങ്ങളിലായാണ് നടത്തിയത്. ട്രെയിനിംഗിന്റെ ഭാഗമായി താമസം, ഭക്ഷണം, നിംഹാൻസ് ഫാക്കൽറ്റിമാരുടെ പ്രതിഫലം എന്നിവയുൾപ്പെട്ട ചെലവുകൾ എല്ലാം സഹിതം 6,25,000/ രൂപയാണ് 3 ബാച്ചുകൾക്കായി ചെലവായത്.

(ഇ) ഹാപ്പിലേണിംഗ്സ്, ഫെയ്സ് ടു ഫെയ്സ് എന്നീ പദ്ധതികളുടെ പ്രവർത്തന പുരോഗതി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ഇ) തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ പഠനത്തോട് വിമുഖതയും പരീക്ഷയെ അഭിമുഖീ കരിക്കുവാനുള്ള പേടിയും ചില വിദ്യാർത്ഥികളിലെങ്കിലും കണ്ടു വരുന്നു. അതിനെ അഭിമുഖീകരിക്കുന്നതിന് മനശാസ്ത്രജ്ഞൻമാരുടെ സേവനത്തോടെ ഹാപ്പി ലേണിംഗ് എന്ന പേരിൽ

നടക്കുന്ന ക്ലാസുകൾ കുട്ടികൾക്ക് വളരെയധികം പ്രയോജനം ചെയ്യുന്നതായി മനസിലാക്കുന്നു. വിദ്യാർഥികൾക്ക് സ്വയം തൊഴിൽ നേടുന്നതിനും ആത്മ വിശ്വാസം വർദ്ധിപ്പിക്കുന്നതിനും സംരംഭകരെ ഉൾപ്പെടുത്തി ഫെയ്സ് ടു ഫെയ്സ് എന്ന പേരിൽ സംവാദം നടത്തുന്നതിനുള്ള അവസരം കുട്ടികൾക്ക് ലഭിക്കുന്നു.

സെക്ഷൻ ഓഫീസർ